# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:929 — 05.02.2020-ലെ മറുപടി

### ഇടക്കൊച്ചി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | 1. അമൃത് പദ്ധതിയിൽപ്പെടുത്തി 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണവും ഇടക്കൊച്ചി പാലം വടക്കേയറ്റം മുതൽ പാമ്പായിമൂലയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ശുദ്ധജല സംഭരണി വരെ 450 മി.മീ. കെ 9 പൈപ്പ് 1050 മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br>13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br>2. എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി പൂജപ്പുര ജങ്ഷൻ മുതൽ ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെ 1268 മീറ്റർ 450 മി.മീ. DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br>15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണത്തിനായി 27/05/2019 ൽ കരാർ ഉടമ്പടി വച്ചെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br>പാമ്പായിമൂല പമ്പ് ഹൗസിന്റെ നിർമ്മാണപ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>3. സ്റ്റേറ്റ് പ്ലാൻ 2015-16-ൽപ്പെടുത്തി അരൂർ ഇടക്കൊച്ചി പാലത്തിനടിയിൽ 778 മീറ്റർ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | 500MM HDPE പൈപ്പും അത്രർ ഇടക്കൊച്ചി പാലം മുതൽ പാമ്പായിമൂല വരെ 636 മീറ്റർ 450MM DI പൈപ്പും സ്ഥാപിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി അനന്തമായി നീളുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ; | (ബി), (സി) & (ഡി) | 13 ലക്ഷം ലിറ്റർ ഉന്നത തല സംഭരണിയുടെ പ്രവൃത്തി 31/10/2020-ൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 10/06/2019 ൽ കരാറുകാരന് നിർമ്മാണം നടത്തേണ്ട സ്ഥലം കൈമാറിയിട്ടുള്ളതും നിർമ്മാണ സാമഗ്രികൾ പരിശോധനയ്ക്കായി കൊച്ചിൻ യൂണിവേഴ്സിറ്റി ലാബിലേക്ക് അയച്ചിട്ടുള്ളതുമാണ്. 27.05.2019-ൽ കരാർ ഉടമ്പടിവച്ച മേൽ പറഞ്ഞ പ്രവൃത്തിയുടെ കാലാവധി 26-11-2019 ൽ അവസാനിച്ചു. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി പല തവണ കരാറുകാരനെ കത്തുമുഖേനയും ഫോൺ മുഖേനയും നിരന്തരമായി ബന്ധപ്പെട്ടെങ്കിലും ടിയാൻ പ്രവൃത്തി തുടങ്ങാൻ തയ്യാറായിട്ടില്ല. കരാറുകാരന് 30.01.2020 തീയതിയിൽ 5 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുന്നതിന് അന്തിമ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത തീയതിയിൽ പ്രവൃത്തി ആരംഭിക്കാത്തപക്ഷം പുന:ക്രമീകരിക്കുന്നതാണ്. ഈ പ്രവൃത്തിയുടെ നിർമ്മാണം തുടങ്ങിയാൽ പത്തു മാസത്തിനകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു |
| (സി) | ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; | | |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ